**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6116** **09-11-2021 - ൽ മറുപടിയ്ക്ക്**

**വാഴാനി ഇറിഗേഷൻ കോമ്പൗണ്ടിൽ കൺവെൻഷൻ സെന്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാഴാനി ഇറിഗേഷൻ കോമ്പൗണ്ടിൽ കൺവെൻഷൻ സെന്ററിന്റെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2015-16 വർഷത്തിൽ ഒരു കോടി രൂപ അനുവദിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചിട്ടുള്ളതായ സ്ഥലം ജലസേചന വകുപ്പ് വിട്ടു നൽകാത്തതിന്റെ കാരണം വിശദീകരിക്കാമോ; | (എ) | വാഴാനി ഡാം പദ്ധതി പ്രദേശത്ത് ഒഴിഞ്ഞ് കിടക്കുന്ന സ്ഥലത്ത് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാഴാനി കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 15/05/2015ലെ സ.ഉ(സാധാ)നം. 658/2015/ പി.ഡബ്ല്യു.ഡി പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 24/09/2016 ലെ സ.ഉ(സാധാ) നം.830/2016/ജവിവ പ്രകാരം ജലസേചന പദ്ധതികളോട് അനുബന്ധിച്ചുള്ള ടൂറിസം പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി സ്ഥലം എം.എൽ.എ ചെയർമാനും, ജില്ലാ കളക്ടർ വൈസ് ചെയർമാനും, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയും, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അംഗങ്ങളുമായിട്ടുള്ള ഇറിഗേഷൻ പ്രോജക്റ്റ് ടൂറിസം മാനേജ്മെൻറ് കമ്മിറ്റി (IPTMC) രൂപീകരിക്കേണ്ടതാണ്. പ്രസ്തുത ടൂറിസം പദ്ധതികളുടെ വരുമാനത്തിന്റെ 80% അതാത് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്കും, 10% ജലസേചന വകുപ്പിനും, 10% ടൂറിസം വകുപ്പിനുമാണ് നിശ്ചയിച്ചിട്ടുള്ളത്. 19/03/2020ൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ടൂറിസം വകുപ്പ് പുറപ്പെടുവിച്ച ഉത്തരവും 24/09/2016ലെ ഉത്തരവും പരസ്പരവിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയതിനുശേഷം മാത്രമേ ഉപയോഗാനുമതി നൽകാൻ സാധിക്കുകയുള്ളൂ. |
| (ബി) | ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ജലസേചന വകുപ്പിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ എം.പി/എം.എൽ.എ./തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ജലസേചന വകുപ്പിന് വരുമാനം പങ്കിടുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ഇല്ല എന്ന കാരണത്താൽ നിർമ്മാണ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 24/09/2016 ലെ സർക്കാർ ഉത്തരവ് പ്രകാരം ടൂറിസം പദ്ധതികളുടെ വരുമാനത്തിന്റെ 80% അതാത് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്കും, 10% ജലസേചന വകുപ്പിനും, 10% ടൂറിസം വകുപ്പിനുമാണ് നിശ്ചയിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | പ്രവർത്തനം തടസ്സപ്പെട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സം നീക്കാൻ നടപടി സ്വീകരിക്കാമോ; | | |
| (സി) | വാഴാനി ഡാമിൽ മ്യൂസിക്കൽ ഫൗണ്ടൻ നിർമ്മാണത്തിനായി 2016-ൽ 2.19 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ആയതിന്റെ നിർമ്മാണ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | വാഴാനി ഡാമിൽ മ്യൂസിക്കൽ ഫൗണ്ടൻ നിർമ്മിക്കുന്നതിന് തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19/12/2019ലെ എ8-2239/2013(ബി) നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും വാഴാനി ഇറിഗേഷൻ പ്രോജക്റ്റ് ടൂറിസം മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഡാം റീഹാബിലിയേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് പ്രകാരം വാഴാനി ഡാം നവീകരണത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) | കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോക ബാങ്ക് സഹായത്തോടെ നടത്തുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രൊജക്ടിന്റെ ഒന്നാം ഘട്ടത്തിൽ (DRIP Phase I ) വാഴാനി ഡാമിന്റെ പുനരുദ്ധാരണത്തിനായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ പ്രവൃത്തികൾക്ക് സ.ഉ(സാധാ) നം. 110/2013/ ജവിവ തീയതി 06/02/2013 പ്രകാരം ഭരണാനുമതിയും ചീഫ് എഞ്ചിനീയർ തലത്തിൽ 2.798 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായി എന്നും വിശദമാക്കാമോ; | (ഇ) | കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോക ബാങ്ക് സഹായത്തോടെ നടത്തുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രൊജക്ടിന്റെ ഒന്നാം ഘട്ടത്തിൽ (DRIP Phase I ) വാഴാനി ഡാമിന്റെ പുനരുദ്ധാരണത്തിനായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ പ്രവൃത്തികൾക്ക് സ.ഉ(സാധാ) നം. 110/2013/ ജവിവ തീയതി 06/02/2013 പ്രകാരം ഭരണാനുമതിയും ചീഫ് എഞ്ചിനീയർ തലത്തിൽ 2.798 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | എഗ്രിമെന്റ് വച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ, പൂർണതോതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ? | (എഫ്) | കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോക ബാങ്ക് സഹായത്തോടെ നടത്തുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രൊജക്ടിന്റെ ഒന്നാം ഘട്ടത്തിൽ (DRIP Phase I ) വാഴാനി ഡാമിന്റെ പുനരുദ്ധാരണത്തിനായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ പ്രവൃത്തികൾക്ക് സ.ഉ(സാധാ) നം. 110/2013/ ജവിവ തീയതി 06/02/2013 പ്രകാരം ഭരണാനുമതിയും ചീഫ് എഞ്ചിനീയർ തലത്തിൽ |

| | | | |
|---|---|---|---|
| | | | 2.798 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **നം** | **പ്രവൃത്തിയുടെ പേര്** | **സാങ്കേതികാനുമതി നൽകിയ തുക** | **പൂർത്തീകരണ തുക** | **നിലവിലെ സ്ഥിതി** |
|---|---|---|---|---|
| 1 | ഡ്രിപ്പ് ഘട്ടം - 1 വാഴാനി ഡാമിന്റെ പുനരുദ്ധാരണം (മെക്കാനിക്കൽ പ്രവൃത്തികൾ) | 0.34 കോടി രൂപ | 0.34 കോടി രൂപ | 2016-ൽ പൂർത്തീകരിച്ചു |
| 2 | ഡ്രിപ്പ് ഘട്ടം - 1 വാഴാനി ഡാമിന്റെ പുനരുദ്ധാരണം (ഇലക്ട്രിക്കൽ പ്രവൃത്തികൾ) | 0.688 കോടി രൂപ | 0.59 കോടി രൂപ | 2019-ൽ പൂർത്തീകരിച്ചു |
| 3 | ഡ്രിപ്പ് ഘട്ടം - 1 വാഴാനി ഡാമിന്റെ പുനരുദ്ധാരണം ( സിവിൽ പ്രവൃത്തികൾ) | 1.77 കോടി രൂപ | 1.29 കോടി രൂപ | 2017-ൽ പൂർത്തീകരിച്ചു. |
| ആകെ | | **2.798** കോടി രൂപ | **2.22** കോടി രൂപ | |